## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2347    17/08/2017-ൽ മറുപടിയ്ക്ക്

## ആദിവാസി കുട്ടികൾക്കായി ഊരുകളിൽ ട്യൂഷൻ സെന്ററുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>" കെ. എസ്. ശബരീനാഥൻ<br>" അനിൽ അക്കര<br>" അന്വർ പ്രകാശ് : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി കുട്ടികൾക്കായി ഊരുകളിൽ ട്യൂഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഊരുകളിൽ ട്യൂഷൻ സെന്ററുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ഊരുകളിൽ "സാമൂഹ്യ പഠനമുറി" എന്ന പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതാണ്.<br><br>പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ / പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കാവുന്നതാണ്. ഹാംലെറ്റിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും, ആവശ്യം വേണ്ടിടത്ത് സ്ഥിരം സൗകര്യം നൽകാനും ഉദ്ദേശിക്കുന്നു. ഓരോ വർഷവും ട്യൂട്ടറിന്റെ ഓണറേറിയം ഉൾപ്പെടെ അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാസാമഗ്രികൾ തുടങ്ങിയവയ്ക്കുള്ള ചെലവുകൾ 5 ലക്ഷം രൂപയ്ക്കുള്ളിൽ നിജപ്പെടുത്തികൊണ്ട് തുക അനുവദിക്കുന്നതാണ്. സ്ഥലത്തിന്റെ സ്ഥിതി അനുസരിച്ച് പുതിയ സെന്ററുകളുടെ നിർമ്മാണത്തിന്റെ ചെലവുക |

| | | | |
|---|---|---|---|
| | | | ളിൽ മാറ്റം വരും. കുട്ടികൾക്കുള്ള ലഘുഭക്ഷണ ത്തിനുള്ള തുക കൂടി ഈ പദ്ധതിയിൽ ഉൾപ്പെ ടുത്തിയിട്ടുണ്ട് ഗുണഭോക്താക്കളുടെ ലിംഗ നിർണ്ണയ സ്ഥിതി വിവരങ്ങളുടെ അടിസ്ഥാന ത്തിൽ 50 ശതമാനം തുക വനിതകൾക്ക്ലഭിക്കു ന്നതായി കണക്കാക്കുന്നു.<br><br>നിലവിൽ സംസ്ഥാനത്തെ വിവിധ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലായി 100 സാമൂഹിക പഠന മുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. |
| ബി) | എപ്രകാരമാണ് പ്രസ്തുത ട്യൂഷൻ സെന്ററുകളിൽ അദ്ധ്യാപകരെ നിയമിച്ചത്; ഇക്കാര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള വർക്ക് മുൻഗണന ഉറപ്പാക്കിയിട്ടുണ്ടോ; | (ബി) | ടി പദ്ധതി പ്രകാരം തെരഞ്ഞടുത്ത 100 സാമൂഹിക പഠനമുറികളിലും ഓരോ സാമൂഹിക പഠന മുറികളും ഉൾപ്പെട്ട വരുന്ന ഊരുകളിലോ അടുത്തുള്ള ഊരുകളിലോ നിന്നും ബി.എഡ്, ടി.ടി.സി മുതലായ യോഗ്യതയുള്ളവരേയോ പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ പി.ജി. ബിരുദം, +2 യോഗ്യതയുള്ള പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ, (ആൺ/പെൺ) ഫെസിലിറ്റേഴ്സ് ആയി തിരഞ്ഞെടുക്കുന്നതിന് വകുപ്പ് എല്ലാ പട്ടികവർഗ്ഗ ജില്ലാ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീ സർമാർ മുഖേന വിജ്ഞാപനം പുറപ്പെടിവിച്ച് തിരഞ്ഞടുക്കുന്നതിന് ഉള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ഇതിനായി എത്ര തുക വകയിരുത്തി യിട്ടുണ്ടെന്നും ഈ വർഷം എത്ര ഊരുകളിൽ ട്യൂഷൻ സെന്ററുകൾ ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ ? | (സി) | സാമൂഹിക പഠന മുറി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി 3,12,82,100/- (മൂന്ന് കോടി പന്ത്രണ്ട ലക്ഷത്തി എൺപത്തി രണ്ടായിരത്തി ഒരുനൂറ് രൂപ മാത്രം) രൂപയും ട്യൂട്ടർമാരുടെ ഓണറേറിയം, വിദ്യാർത്ഥികളുടെ ലഘുഭക്ഷണം, ഇലക്ട്രിസിറ്റി ചാർജ്ജ്, വർത്തമാന പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ ആവർത്തന ചെലവുകൾക്കായി - 3,08,50,000/- (മൂന്ന് കോടി എട്ട് ലക്ഷത്തി അൻപതിനായിരം രൂപാ മാത്രം) രൂപയും ചെലവഴിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. ഈ അദ്ധ്യായ വർഷം വിവിധ പട്ടികവർഗ്ഗ സെറ്റിൽമെന്റ് കളിലായി 100 സാമൂഹ്യ പഠന മുറികളാണ് തിരഞ്ഞടുത്തിട്ടുള്ളത് ആയതിന്റെ ജില്ല തിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | |

| പ്രോജക്ട് ഓഫീസ്/ ട്രൈബൽ ഡവലപ്പ് മെന്റ് ഓഫീസ് | സാമൂഹിക പഠന മുറികളുടെ എണ്ണം |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| കൽപ്പറ്റ | 8 |
| മാനന്തവാടി | 8 |
| സുൽത്താൻ ബത്തേരി | 9 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 10 |
| അട്ടപ്പാടി | 15 |
| എറണാകുളം | 3 |
| ഇടുക്കി | 7 |
| അടിമാലി | 8 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

Haripriya

സെക്ഷൻ ഓഫീസർ